# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2208** **07.07.2015** ൽ മറുപടിക്ക്

**തിരുവനന്തപുരം മൃഗശാലാ നവീകരണം**

<u>ചോദ്യം</u>

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

<u>ഉത്തരം</u>

ശ്രീമതി. പി.കെ. ജയലക്ഷ്മി

(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടത്തി വരുന്നത് ; | (എ) | മൃഗശാലയുടെ അടുത്ത 20 വർഷത്തെ വികസനം മുന്നിൽ കണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. കേഴമാൻ, നീലക്കാള, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി എന്നീ മൃഗങ്ങൾക്കുള്ള പുതിയ പരിബന്ധനങ്ങളുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരം പുതിയതായി നിർമ്മിക്കാനുള്ള പരിബന്ധനങ്ങൾക്കുള്ള നടപടി സ്വീകരിച്ച് വരുന്നു. സന്ദർശകരുടെ സൗകര്യാർത്ഥം കൂടുതൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ, കുടിവെള്ള കിയോസ്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും, ബാറ്ററി വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മൃഗശാലയ്ക്കുള്ളിലെ ജലാശയങ്ങൾ വൃത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) | മൃഗശാലയിലെ ചെറിയ കുളം വൃത്തിയാക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നു. വെള്ളത്തിന്റെ ശുദ്ധി യഥാസമയം പരിശോധിക്കുന്നുണ്ട്. പായൽ നിയന്ത്രിക്കുന്ന തരത്തിലുള്ള മത്സ്യങ്ങൾ കുളത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. വലിയ കുളത്തിലെ വെള്ളം ശുദ്ധീകരിക്കുന്നതിനും, വായു സഞ്ചാരം ഉണ്ടാകുന്നതിനും കൊതുകുകൾ പെരുകുന്നത് തടയുന്നതിനും, മത്സ്യം തുടങ്ങിയ ജലജീവികളുടെ പ്രജനനത്തിനും സഹായകമാകുന്നതിനുമായി ഫ്ളോട്ടിംഗ് ഫൗണ്ടനുകൾ സ്ഥാപിച്ചു. മൃഗങ്ങളുടെ കൂടുകളുടെ ചുവട്ടിലുള്ള വെള്ളം പാഴാകാതെ ശുദ്ധീകരിക്കുന്നതിന് റീ-സൈക്ലിംഗ് പ്ലാന്റ് സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ